# കേരളത്തിന്റെ ആയുർവ്വേദ പാരമ്പര്യം

കെ. ബി. ബിജി*

**ആയുർവ്വേദം**

ആയുസ്സിന്റെ വേദമാണ് ആയുർവ്വേദം. ആയുസ്സ് സുഖവും ശോഭനവുമായി കഴിയുന്നത്ര നീട്ടികൊണ്ടുപോകുന്നതിനുള്ള ഉപായങ്ങളെ ഉപദേശിക്കുന്നതാണ് ആയുർവേദം അഥവാ വൈദ്യശാസ്ത്രം. പൂർണ്ണമായ ജീവിതത്തിന് ആവശ്യമായ വിഷയങ്ങളെല്ലാം തന്നെ ആയുർവേദത്തിനു വിഷയമാകുന്നു. കാലക്രമത്തിൽ രോഗവും അതിന്റെ പരിഹാരവും ആയിത്തീർന്നു ആയുർവ്വേദത്തിന്റെ മുഖ്യവിഷയം.

ജീവിതത്തോട് എന്തെങ്കിലും തരത്തിൽ ബന്ധപ്പെട്ടതെല്ലാം ആയുർവേദത്തിന്റെ വിഷയമാണ്. രോഗവും അതിന്റെ നിവൃത്തിയും കേവലം മരുന്നുകളെ മാത്രമല്ല ആശ്രയിച്ചിരിക്കുന്നത്, സാമൂഹികവും സാംസ്കാരികവും ധാർമ്മികവുമായ ഒരു പാശ്ചാത്തലവുമായി ആരോഗ്യം ബന്ധപ്പെട്ടിരിക്കുന്നു. അനുകൂലമായ സാഹചര്യത്തിൽ അനുഭവപ്പെടുന്നതും കായികവും മാനസികവും ആത്മീയവുമായി അനുഭവപ്പെടുന്ന സുഖമാണ് ആരോഗ്യം. അത്കൊണ്ട് തന്നെ ആരോഗ്യത്തിന്റെ ചികിത്സാ പദ്ധതിയായ ആയുർവേദശാസ്ത്രം മനുഷ്യന്റെ സാമൂഹിക സാംസ്കാരിക പരിസരങ്ങളുടെ പഠനം കൂടിയാണ്. ഒരു വ്യക്തിയുടെ സാമൂഹികസാംസ്കാരിക ഘടകങ്ങളോടെ അറിവും അതിനനുസരിച്ചുള്ള പ്രയോഗവും ഉൾക്കൊള്ളുന്ന ശാസ്ത്രമാണ് ആയുർവേദം എന്ന് പറയാം. മനുഷ്യജീവിതത്തിന്റെ സമ്പ്രദായങ്ങളും സാഹചര്യങ്ങളും ആയുർവേദം ചർച്ചചെയ്യുന്നു.

* *അസ്സി. പ്രൊഫസ്സർ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ,*

ആദ്യകാലത്തു വൈദ്യം മന്ത്രവാദത്തോടു കൂടിച്ചേർന്നതാണ്. കേരളീയരുടെ ഇടയിൽ ഉണ്ടായിരുന്ന പല സസ്യഔഷധങ്ങളും മതവിശ്വാസങ്ങളോടും ആചാരങ്ങളോടും ബന്ധപ്പെട്ട് കിടക്കുന്നു. പൗരോഹിത്യം, മന്ത്രവാദം, ഔഷധപ്രയോഗം ഇവയൊക്കെ മറ്റെല്ലായിടത്തുമെന്നപോലെ കേരളത്തിലും ഉണ്ടായിരുന്നു. അഭിന്നങ്ങളായിരുന്ന ജാതിത്തിരിവുകൾ വൈദ്യരംഗത്തും, ശുശ്രൂക്ഷരംഗത്തും വ്യത്യസ്ത സംസ്കാരം സൃഷ്ടിച്ചിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. കേരളത്തിലെ വൈദ്യവൃത്തിക്കും ആതുരാലയങ്ങൾക്കും കാലക്രമേണ മാറ്റങ്ങൾ വന്നു തുടങ്ങി.

ആര്യസംസ്ക്കാരത്തിന്റേയും സംസ്കൃതത്തിന്റേയും സ്വാധീനം കേരളത്തിൽ വർദ്ധിച്ചതോടെ ഇവിടെയുണ്ടായിരുന്ന വൈദ്യത്തിനും വൈദ്യന്മാർക്കും മാറ്റം വന്നു. സംസ്കൃതത്തിന്റെ വരവോടെ വന്ന ആയുർവ്വേദം പഴയ നാട്ടുവൈദ്യത്തെ, സംസ്ക്കാരത്തെ കൂടി ഉൾക്കൊണ്ടു. സംസ്കൃതം സ്വായത്തമാക്കിയ വേദാധികാരികളും യാഗം നടത്തുന്നവരുമായ നമ്പൂതിരിമാരുടെപ്രാമാണ്യത്തിന്റെ ആരംഭത്തോടു കൂടി കേരളത്തിൽ സംസ്കൃത ഭാഷ വൈദിക ഭാഷ എന്ന പദവിയിലേക്ക് ഉയർന്നു. സംസ്കൃതത്തിന്റേയും വേദങ്ങളുടെയും ആധിപത്യസംസ്ക്കാരം ഈ വൈദിക സംസ്ക്കാരങ്ങൾക്ക് വഴിതെളിയിച്ചു. ഹിന്ദുമതത്തിന്റെ പുനരുദ്ധാരണം ബൗദ്ധജൈന ദർശനങ്ങളേയും വ്യവസ്ഥകളേയും ദ്രാവീഡ താന്ത്രിക ആരാധനകളെയും ശൈവവൈഷ്ണാദികാള വിഭിന്ന സംസ്ക്കാരങ്ങളേയും നമ്പൂതിരിമാർ സമന്വയിപ്പിച്ചു. അതോടു കൂടി നിലവിലുണ്ടായിരുന്ന ബൗദ്ധജന ആരാധനാസ്ഥലങ്ങളെല്ലാം പേരുകേട്ട ഹിന്ദു ക്ഷേത്രങ്ങളായി മാറി. അതിന്റെ ഫലമായി ക്ഷേത്രങ്ങളിലെ വൈദ്യം കൈകാര്യം ചെയ്യുന്നത് നമ്പൂതിരിമാരായി1.

**ആയുർവേദ സിദ്ധാന്തങ്ങൾ:**

ആയുർവേദ സിദ്ധാന്തങ്ങൾ 'സ്വഭാവ' പക്ഷത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഏത് കാലത്തും ഏത് ദേശത്തും ആരോഗ്യം സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും തക്കവണ്ണം മൗലികമായി ശാശ്വതമാണ് ആയുർവ്വേദ സിദ്ധാന്തങ്ങൾ. ഈ സിദ്ധാന്തങ്ങൾ പ്രത്യക്ഷം, അനുമാനം, ആഗമം എന്നീ മൂന്ന് പ്രമാണങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആയുർവേദത്തിലെ മൗലികങ്ങളായ സിദ്ധാന്തങ്ങൾ പഞ്ചഭൂതസിദ്ധാന്തവും ത്രിദോഷസിസിദ്ധാന്തവുമാകുന്നു.

**ആയുർവ്വേദശാഖകൾ**

സമൂഹജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നും വൈദ്യത്തിന് സംഭവനകൾ കിട്ടിയിട്ടുണ്ട്. മെയ്‌വഴക്ക പരിശീലനവിദ്യയായ കളരിപ്പയറ്റ് മർമ്മചികിത്സയെ വളരെയധികം സഹായിച്ചിട്ടുണ്ട്. കളരിപ്പയറ്റിലെ ഗുരുക്കന്മാർ മർമ്മത്തെ അടിസ്ഥാനമാക്കി പല അടവുകളും ശീലിപ്പിക്കുന്നു. കഥകളിക്കാരുടെ മെയ്‌വഴക്ക പരിശീലനശ്രമങ്ങളും ഈ രംഗത്ത് വളർച്ചയുണ്ടാക്കുന്നു. സാധാരണ ശാരീരിക രോഗങ്ങളെ ചികിത്സിക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഉഴിച്ചിലുകളും കേരളത്തിലെ വൈദ്യവിദ്യയുടെ ഭാഗമായിരുന്നിട്ടുണ്ട്. അതുകൊണ്ട് മർമ്മ ചികിത്സ കേരളീയമായ ഒരു സവിശേഷവൈദ്യമായി തീർന്നിട്ടുണ്ട്. ദേശാടനക്കാരായ ലാടന്മാർ കൊണ്ടുവന്ന ലാടചികിത്സയും കേരളത്തിൽ വേരുപിടിച്ചു

വളർന്നു. അനവധി ഒറ്റമൂലികകൾ അവ രഹസ്യമായി തലമുറകളിലേക്ക് കൈമാറുകയാണ് രീതി 2.

**ആയുർവ്വേദ പരമ്പര**

ബ്രഹ്മാവ്

പ്രജാപതി

അശ്വനിദേവന്മാർ

ഇന്ദ്രൻ

ഭരദ്വാജൻ

കശ്യപൻ  അഗ്നിവേശൻ ധന്വന്തരി

ബാലചികിത്സ ചരകൻ  സുശ്രുതൻ

വാഗ്ഭടൻ

**കേരളത്തിലെ അഷ്ടവൈദ്യന്മാർ മുതലുള്ള പാരമ്പര്യ വൈദ്യന്മാർ**

1. കായചികിത്സ- പൊതുരോഗം
2. കൗമാരഭൃത്യം- ബാലരോഗം
3. ഗ്രഹചികിത്സ-മാനസികരോഗം
4. ശാലാക്യതന്ത്രം- കണ്ണ്, ചെവി, മൂക്ക്, തൊണ്ട,
5. ശല്യതന്ത്രം- ശസ്ത്രക്രിയ
6. അഗദതന്ത്രം- വിഷചികിത്സ
8. രസായനം- യൗവനം നിലനിർത്താനുള്ള ചികിത്സ
9. വാജീകരണം- ലൈംഗിക ശക്തി വർദ്ധിപ്പിക്കാനുള്ള ചികിത്സ

ആയുർവ്വേദത്തിലെ ഈ എട്ട് അംഗങ്ങളിൽ ചികിത്സിക്കാൻ പ്രാവിണ്യം നേടിയവരായിരുന്നു അഷ്ടവൈദ്യന്മാർ

## അഷ്ടാംഗഹൃദയവും ആയുർവ്വേദഗ്രന്ഥങ്ങളും

ചരക-സുശ്രുത സംഹിതകളെ ആധാരമാക്കി വാഗ്ഭടൻ രചിച്ച അഷ്ടാംഗഹൃദയമാണ് കേരളത്തിലെ അടിസ്ഥാന വൈദ്യശാസ്ത്രം. എ.ഡി 8-ാം നൂറ്റാണ്ടിനു മുമ്പുതന്നെ കേരളത്തിൽ അഷ്ടാംഗഹൃദയത്തിന് നല്ല പ്രചാരം കിട്ടി. ഇതിന് കേരളത്തിൽ പല വ്യാഖ്യാനങ്ങളുമുണ്ടായിട്ടുണ്ട്. 'ഇന്ദു' എന്ന ഒരാൾ ശശിലേഖ എന്ന വ്യാഖ്യാനം എഴുതിയിട്ടുണ്ട്. പുലാമന്തോൾ മൂസ്സിന്റെ വ്യാഖ്യാനമാണ് കൈരളി. പരമേശ്വരൻ നമ്പൂതിരിയുടെ വ്യാഖ്യാനം "ദീപിക". കൈക്കുളങ്ങര രാമവാര്യർ എഴുതിയ വ്യാഖ്യാനം 'സാരാർത്ഥദർപ്പണവും'.

ഉപ്പോട്ടു കണ്ണൻ എഴുതിയ വ്യാഖ്യാനം 'ഭാസ്ക്കരവുമാണ്'. അഷ്ടാംഗഹൃദയത്തെ ആധാരമാക്കി സ്വാതന്ത്രഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ട്. വൈക്കത്ത് പാച്ചു മൂസതിന്റെ ഹൃദയപ്രിയ ഇതിൽ പ്രധാനമാണ്. 'യോഗാമൃതം' അജ്ഞാനകർത്തൃകമായ മണിപ്രവാള വൈദ്യശാസ്ത്രഗ്രന്ഥമാണ്. വെളുത്തേരി കേശവവൈദ്യർ അഷ്ടാംഗസാരം എന്ന പേരിൽ അഷ്ടാംഗഹൃദയം വിവർത്തനം ചെയ്തു. പെരുനെല്ലികൃഷ്ണൻ വൈദ്യനും അഷ്ടാംഗഹൃദയം കുറെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കോട്ടക്കൽ ആര്യവൈദ്യശാലയുമായി ബന്ധപ്പെട്ട ഭിഷഗ്വരൻമാർ, രാഘവൻ തിരുമുൽപ്പാട് എന്നിവരും അഷ്ടാംഗഹൃദയം വിവർത്തനം ചെയ്തിട്ടുണ്ട് 3.

**അഷ്ടാംഗഹൃദയത്തിൽ നിന്നും വിഭിന്നമായ രീതിയിൽ നടത്തുന്ന ചികിത്സകൾ**

ആധാരമായ ഗ്രന്ഥങ്ങളിൽ പ്രമുഖമായ ഒന്നാണ് 'വൈദ്യമനോരമ'. 'ധാരാകല്പം കേരളീയമായ ധാര ചികിത്സ വിവരിക്കുന്നു. രസവൈശേഷികം, സിന്ദൂരമഞ്ജരി എന്നിവയെല്ലാം പ്രമുഖ വൈദ്യശാസ്ത്രഗ്രന്ഥങ്ങളാണ്.

നാട്ടു പാരമ്പര്യത്തെ അതു പകർത്തുന്നു. ലീലാതിലകത്തിനു മുമ്പ് രചിതമായ വൈദ്യശാസ്ത്രക്രിതിയാണ് ആലത്തൂർ മണിപ്രവാളം. കേരളത്തിലെ നാട്ടുവൈദ്യ പാരമ്പര്യത്തെ പകർത്തുന്നു. അറുനൂറിലധികം കൊല്ലത്തെ പഴക്കമുള്ള ഈ കൃതി കോട്ടയ്ക്കൽ ആര്യവൈദ്യശാല പുനഃപ്രസാധനം ചെയ്തിട്ടുണ്ട്.അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിട്ടില്ലാത്ത് പല ഔഷധപ്രയോഗങ്ങളും ഈ ഗ്രന്ഥത്തിലുള്ളത് പാരമ്പര്യവൈദ്യശാസ്ത്രത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു.

കൊച്ചുണ്ണിത്തമ്പുരാൻ, വള്ളത്തോൾ തുടങ്ങിയ കവികളും, കൈക്കുളങ്ങര വാമവാര്യരെപ്പോലുള്ള മനീഷികളും ഈ ശാഖയെ വളർത്തിയവർ ആണ്. വള്ളത്തോൾ എഴുതിയ വൈദ്യശാസ്ത്രഗ്രന്ഥമാണ് ആരോഗ്യചിന്താമണിയും ഗർഭാരക്ഷാക്രമവും.

ആയുർവ്വേദനിഘണ്ടുകൾ വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ടവയാണ്. 1960 ൽ തയ്യിൽ കൃഷ്ണവൈദ്യർ രചിച്ച ആയുർവ്വേദ നിഘണ്ടുവും ചോലയിൽ കെ.എം.വൈദ്യർ, കാണിപ്പയ്യൂർ എന്നിവരുടെ ആയുവ്വേദ നിഘണ്ടുകളും ശ്രദ്ധേയമാണ്. കോട്ടയ്ക്കൽ പി.എസ്.വാര്യരുടെ നേതൃത്വത്തിൽ ഇറങ്ങിയ പര ഗ്രന്ഥങ്ങളിലും ആയുർവ്വേദത്തേയും, വൈദ്യശാസ്ത്രത്തേയും പറ്റി വിവരം നൽകുന്ന ഗ്രന്ഥങ്ങളുണ്ട്. ആര്യവൈദ്യൻ പി.വി. രാമവാര്യരുടെ ആയുർവ്വേദത്തിന്റെ ചരത്രം.

പ്രധാനപ്പെട്ടവയാണ്. കേരളത്തിൽ വളരുന്ന ഔഷധചെടികളുടെ സമ്പൂർണ്ണമായ സസ്യശാസ്ത്രജ്ഞാനം ആധികാരികഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കസ്. മലബാറിലെ പൂന്തോട്ടം, കേരളരാമം എന്നീ പേരുകളിൽ ഇത് അറിയപ്പെടുന്നു.

## ഹോർത്തൂസ് മലബാറിക്കസ്

ലാറ്റിൻ ഭാഷയിലെഴുതിയ ഹോർത്തൂസ് മലബാറിക്കസിന്റെ മൂല പ്രശ്നം ഇട്ടി അച്ച്യുതൻ എഴുതിയ 'കേരളരാമം' എന്ന ഗ്രന്ഥമാണ്. 325 വർഷം മുമ്പ് തയ്യാറാക്കിയ ഈ പുസ്തകത്തിന്റെ സമ്പൂർണ്ണ ഇംഗ്ലീഷ് പതിപ്പ് 12 വാല്യങ്ങളായി 2003 ൽ കേരള സർവ്വകലാ

ശാല പുറത്തിറക്കി. ലാറ്റിൻ ഭാഷയിലെ മൂല കൃതിയും ഇംഗ്ലീഷ് പരിഭാഷയും വ്യാഖ്യാന പരിഭാഷയും ഇന്ന് ലഭ്യമാണ്.

മലയാളം ആര്യ എഴുത്തിലും മലയാളം കോലെഴുത്തിലും ഓരോ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപത്രങ്ങളിൽ ചേർത്തിട്ടുണ്ട്. മിക്ക സസ്യനാമങ്ങളുടെ പേരുകൾ മലയാളത്തിൽ അച്ചടിച്ചിട്ടുണ്ട്. പന്ത്രണ്ടു വാല്യങ്ങളായി 1616 പേജുകളാണ് ഇതിലുള്ളത്. ഇതിൽ സസ്യവിവരണങ്ങൾക്ക് 1524 മാത്രം പേജുകൾ ഉപയോഗിച്ചിട്ടുണ്ട്. 791 പേജുകൾ ചിത്രങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. ആദ്യത്തെ മൂന്ന് സാക്ഷ്യപത്രങ്ങളിലും ഇട്ടിഅച്യുതൻ എന്ന പേരിനു പകരം കൊല്ലാടൻ എന്നാണ് മുദ്രണം ചെയ്തിരിക്കുന്നത്. കൊല്ലാട്ടു കുടുംബം അനേകം തലമുറകളിലൂടെ ആർജ്ജിച്ച വൈദ്യപാരമ്പര്യംകൊണ്ട് ശ്രദ്ധേയമായിരുന്നുവെന്ന് മനസിലാക്കാം.

### വാഗ്ഭടൻ

പ്രസിദ്ധ ആയുർവ്വേദ വൈദ്യനും, ഗ്രന്ഥക്കാരനുമായിരുന്നു വാഗ്ഭടൻ. സിംഹഗുപ്തന്റെ മകനാണ്. ചരകൻ എന്ന ആയുർവ്വേദ പണ്ഡിതനുശേഷമാണ് ഇദ്ദേഹം ജീവിച്ചിരുന്നതെന്ന് കരുതുന്നു. വാഗ്ഭടൻ രചിച്ച "അഷ്ടാംഗഹൃദയം", "അഷ്ടാംഗസംഗ്രഹം", എന്നീ കൃതികൾക്ക് കേരളത്തിൽ വളരെ പ്രചാരമുള്ളതായി ഏഴാം ശതകത്തിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഹുയാങ്ങ് സാങ്ങ് രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം ശതകത്തിൽ വരാഹമിഹിരൻ രചിച്ച "കന്ദർപിക" എന്ന ഗ്രന്ഥത്തിൽ വാഗ്ഭടന്റെ വചനങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. 3-4 ശതകങ്ങൾക്കിടയ്ക്ക് ഭരണം നടത്തിയിരുന്ന സാഹസാംകൻ എന്ന രാജാവിന്റെ ആസ്ഥാന വൈദ്യനായിരുന്ന ഭട്ടാര ഹരീശ്ചന്ദ്രന്റെ സമകാലികനാണു വാഗ്ഭടനാചാര്യനെന്നും കണക്കാക്കുന്നു.

### വാഗ്ഭടനും ആയുർവ്വേദവും

വേദം ഉണ്ടാകുന്ന കാലത്തിനു മുമ്പുതന്നെ ആയുർവ്വേദം അഥവാ ആരോഗ്യ ചികിത്സാശാസ്ത്രം ഉണ്ടായിരുന്നു. വാഗഭടന്റെ അഷ്ടാംഗഹൃദയത്തിൽ അതിനെ കുറിച്ച് പറയുന്നുണ്ട്. വാഗ്ഭടാചര്യരുടെ കാലത്ത് ബുദ്ധ-ജൈനമതങ്ങൾക്ക് വളരെയധികം പ്രധാന്യം ഉണ്ടായിരുന്നു. ശാസ്ത്ര സമ്പത്ത് പൂർണ്ണമായും അവരുടെ കൈപിടിയിൽ ഉണ്ടായപ്പോൾ അതിനെ സ്വായത്തമാക്കാൻ ഉണ്ടായ ജന്മമാണ് വാഗ്ഭടാചാര്യയുടേത് എന്ന് ജനം കരുതിയിരുന്നു എന്നാൽ ഭ്രഷ്ട്കാരണം വാഗ്ഭടാചാര്യർ ആർക്കും സ്വീകാര്യനല്ലാതായി. ആ അസ്വീകാര്യത അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളേയും ബാധിച്ചു. അങ്ങനെയാണ് അദ്ദേഹം ഗ്രന്ഥങ്ങളുംകൊണ്ട് കേരളത്തിലെത്തുന്നത് ആയുർവ്വേദത്തിന് ശാസ്ത്രീയമാ ഒരു പാരമ്പര്യം കേരളത്തിൽ അന്ന് ഉണ്ടായിരുന്നില്ല. കേരളത്തിലെ സ്വീകരണം കണ്ടപ്പോൾ അദ്ദേഹത്തിന് തന്റെ സൃഷ്ടികൾ ഇവിടെ പ്രചരിപ്പിക്കണമെന്ന് ആഗ്രഹമുണ്ടായി. അതദ്ദേഹം പ്രാവർത്തികമാക്കുകയും ചെയ്തു. അതിന്റെ അന്തരഫലമുണ്ടായിട്ടുള്ളതായാണ് ഇപ്പോഴത്തെ അഷ്ടവൈദ്യപാരമ്പര്യ കുടുംബങ്ങൾ. അഷ്ടവൈദ്യൻമാരിൽ ആലത്തിയൂർ നമ്പിയുടെ സ്ഥലത്താണ് ആദ്യമായി വന്നത്. ക്രമേണ കേരളത്തിലുടനീളം നടന്ന് അന്നത്തെ വ്യവസ്ഥിതിയനുസരിച്ച് ഉയർന്ന സമുദായത്തിൽപ്പെട്ട വ്യക്തികളെ ഗ്രന്ഥം

പഠിപ്പിക്കാനും അവരിലൂടെ പ്രചരിപ്പിക്കാനും തുടങ്ങി. അങ്ങനെ ആലത്തിയൂർ നമ്പി, കാരത്തോൾ നമ്പി, ചൂണ്ടൽ നമ്പി, ഒളശമൂസ്സ്, വയസ്കര മൂസ്സ്, ചിരട്ടമണ്ണ മൂസ്സ്, പുലാമന്തോൾ മൂസ്സ്, കുട്ടഞ്ചേരി മൂസ്സ്, എളത്തേടത്ത് തൈക്കാട്ട് മൂസ്സ്, പഴനെല്ലിപ്പുറത്ത് തൈക്കാട്ട് മൂസ്സ്, പർപ്പൂർ മൂസ്സ്, വൈദ്യമഠം എന്നീ അഷ്ടവൈദ്യ പാരമ്പര്യ കുടുംബക്കാർ ഉണ്ടായിട്ടുണ്ട്. പുലാമന്തോൾ ഇല്ലത്ത് വെച്ചാണ് വാഗ്ഭടൻ സ്വർഗ്ഗാരോഹണം വരിച്ചത് ആ ദിനം വാഗ്ഭടദിനമായി ആചരിക്കുന്നു 4.

## അഷ്ടാംഗഹൃദയവും അഷ്ടവൈദ്യന്മാരും

സംസ്കൃതത്തിൽ രചിച്ച ആയുർവേദഗ്രന്ഥം. 3-4 നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ചിരുന്ന വാഗ്ഭചാടാര്യനാണി രചയിതാവ്. കായചികിത്സ, ബാലചികിത്സ, ഊർദ്ധ്വംഗചികിത്സ, ശല്യചികിത്സ, (ശസ്ത്രക്രിയാവിഭാഗം) ദംഷ്ട്ര(വിഷ) ചികിത്സ, ജരാ(രസായന) ചികിത്സ, വൃക്ഷ പ്രാജീകരണ ചികിത്സ എന്നീ എട്ട് അംഗങ്ങളോടു കൂടിയതാണ് ആയുർവേദം. ശരീരത്തിൽ ഹൃദയത്തിനുള്ള സ്ഥാനം തന്റെ ആയുർവേദഗ്രന്ഥത്തിലുണ്ടെന്ന് സൂചിപ്പികാനാവണം ഗ്രന്ഥത്തിന് അഷ്ടാംഗഹൃദയം എന്ന പേര് നൽകിയത്. സൂത്രസ്ഥാനം (30 അദ്ധ്യാം 1492 ശ്ലോകങ്ങൾ), ശരീര സ്ഥാനം (6 അദ്ധ്യയം 557 ശ്ലോകങ്ങൾ), നിദാന സ്ഥാനം (16 അദ്ധ്യായം, 784 ശ്ലോകം), ചികിത്സാ സ്ഥാനം (22 അദ്ധ്യായം, 312 ശ്ലോകം), കല്പസ്ഥാനം (6 അദ്ധ്യായം,312 ശ്ലോകം), ഉത്തരസ്ഥാനം (40 അദ്ധ്യായം 2179 ശ്ലോകം) എന്നിങ്ങനെ ആറ് സ്ഥാനങ്ങളും ആണ് ഗ്രന്ഥത്തിലുള്ളത്. അഷ്ടാംഗ ഹൃദയം രചിക്കുന്നതുവരെ വൈദ്യശാസ്ത്ര വിദ്യാർത്ഥികൾ ചരകം, സുശ്രുതം, രസശാസ്ത്രം എന്നി ബൃഹത് ഗ്രന്ഥങ്ങളാണ് പഠിച്ചിരുന്നത്. ഒരു മനുഷ്യായുസുകൊണ്ടുപോലും ഹൃദിസ്ഥമാക്കാൻ പ്രയാസമുള്ളവയാണ് പ്രസ്തുത ഗ്രന്ഥങ്ങൾ. ഈ ക്ലേശത്തിനുള്ള പരിഹാരമെന്ന നിലയിലാണ് വാഗഭടൻ അഷ്ടാംഗ ഹൃദയം രചിച്ചത്. ഇത് കുറേക്കൂടി സംഗ്രഹിച്ചുകൊണ്ട് വാഗ്ഭടൻ അഷ്ടാംഗസംഗ്രഹം എന്ന മറ്റൊരു ഗ്രന്ഥം കൂടി രചിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തെ അവലംബിച്ച് അനേകം ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും മലയാളം ഉൾപ്പടെ പ്രാദേശിക ഭാഷകളിലും ഉണ്ടായിട്ടുണ്ട്. കൈകുളങ്ങര രാമവാര്യർ (ഭാവപ്രകാശം) ഉപ്പോട്ടു കണ്ണൻ (ഭസ്ക്കാര വ്യാഖ്യാനം), കായിക്കര പി.എം.ഗോവിന്ദവൈദ്യർ (അരുണോദയം), ടി.സി പരമേശ്വരൻ മൂസത്, പി.എം.കുട്ടികൃഷ്ണ മേനോൻ എന്നിവർ അഷ്ടാംഗഹൃദയത്തിന് മലയാള വ്യാഖ്യാനം രചിച്ചത് 5.

അഷ്ടവൈദ്യന്മാർ യഥാർത്ഥത്തിൽ എട്ടുകുടുംബക്കാരല്ല. കേരളത്തിൽ വേദാധികാരികളായ നമ്പൂതിരിമാരുടെ അനേകം ഗ്രാമങ്ങളുണ്ടായിരുന്നുവെന്നും ഇവർക്ക് പതിനെട്ടുസഭാ മഠങ്ങളുമുണ്ടായിരുന്നുവെന്നും പറയുന്നു. ഈ വൈദിക സഭാമഠങ്ങളോട് ബന്ധപ്പെട്ടു കഴിയുന്നവർക്ക് ചികിത്സാ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാൻ വൈദ്യത്തിൽ പ്രത്യേക പ്രാവിണ്യം നേടിയ വൈദ്യകുടുംബങ്ങൾ ആവശ്യമായിരുന്നു. "കായബലഗ്രഹ ഊർധ്വാംഗശല്യ ദംഷ്ട്രാ ജരാവൃഷാൻ" അതായത് കായം- ശാരീരിക ചികിത്സ (Medicine), ബാലചികിത്സ (Pedetarics), ഗ്രഹനക്ഷത്രാദി ഗ്രഹദോഷങ്ങളിൽ ചെയ്യേണ്ടുന്ന പ്രതിവിധികൾ മന്ത്രവാദം ഉൾപ്പെടെ ഊർധ്വാംഗ- കഴുത്തിന് മേൽപോട്ടുള്ള രോഗങ്ങൾ (ENT) ശല്യം- ശസ്ത്രക്രിയാവിഭാഗം (surgery) ദംഷ്ട്രാവിഷം, അവ

യുടെ തരഭേദങ്ങൾ, ചികിത്സ (Toxicology) ജരാ- രസായന ചികിത്സ(Treatment for rejuvenation) വൃഷ - പുംസനവീയ ചികിത്സ (Treatment for intertiltiy) എന്നി എട്ടംഗങ്ങളെ അടിസ്ഥാനപ്പെടുത്തി ചികിത്സിക്കുന്നവർ എന്ന അർത്ഥത്തിലാണ് അഷ്ടാംഗ വൈദ്യന്മാർ എന്ന് പറയുന്നത്. അത് കാലക്രമേണ ലോപിച്ചാണ് അഷ്ടവൈദ്യന്മാർ എന്നായി മാറിയത്. അഷ്ടാംഗമായ ആയുർവ്വേദത്തിൽ പ്രാവീണ്യം നേടിയിരുന്ന ഇവരെ അഷ്ടവൈദ്യന്മാർ (പൂർണവൈദ്യന്മാർ) എന്നു വിളിക്കാൻ തുടങ്ങി. ബ്രാഹ്മണസഭകൾ ഉള്ളേടത്തെല്ലാം ഓരോ അഷ്ടവൈദ്യ കുടുംബവും ഉണ്ടായിരുന്നു. ഇവയിൽ പല കുടുംബങ്ങളിൽ സന്തതികളില്ലാത്തപ്പോൾ അവ മറ്റ് കുടുംബങ്ങളിൽ ലയിക്കേണ്ടി വന്നു. ഉദാഹരണമായി അടുത്ത കാലത്തു തന്നെ എളംകുന്നപ്പുഴ കുറിയേടത്ത് മൂസ്സ്, പുറനാട്ടുകര കുറുച്ചേപ്പള്ളി മൂസ്സ് എന്നീ കുടുംബങ്ങളിൽ ആളില്ലാതായി അവ തയ്ക്കാട്ട് മൂസ്സതിന്റെ ഭവനത്തിൽ ലയിപ്പിച്ചിട്ട് അധികം കാലമായിട്ടില്ല. ഇപ്പോൾ അറിയപ്പെടുന്ന അഷ്ടവൈദ്യ കുടുംബങ്ങൾ പുലാമന്തോൾ, അലത്തിയൂർ, കുട്ടഞ്ചേരി, തൃശ്ശൂർ തയ്ക്കാട്, ഇളയിടത്ത് തയ്ക്കാട്. ചിരട്ടമൺ, വയസ്കര വെള്ളോട് എന്നിവയാകുന്നു. ആലത്തിയൂർ കുടുംബങ്ങളിലുള്ളവരെ നമ്പിമാരെന്നും, മറ്റുള്ളവരെ മൂസ്സുമാർ എന്നും വിളിക്കുന്നു. നേത്ര ചികിത്സയും ബാലചികിത്സയും അഷ്ടവൈദ്യന്മാർ ചെയ്യാറില്ല. ഇവർ ശിഷ്യപരമ്പരയായി ആയുർവ്വേദത്തിന്റെ പ്രചരണം നിർവ്വഹിച്ചുകൊണ്ട് ഒരു സ്ഥാപനമെന്നപോലെ പ്രവർത്തിച്ചുപോന്നു. ചികിത്സാ വിഷയത്തിൽ അഷ്ടവൈദ്യന്മാർക്ക് ദിവ്യാനുഗ്രഹശക്തിയുണ്ടെന്ന വിശ്വാസം നിലനിന്നിരുന്നു. അഷ്ടവൈദ്യന്മാർക്ക് ആഭിജാത്യത്തിൽ അല്പം പാതിത്യമുണ്ട്. ശവ പരിശോധനയും, ശസ്ത്രക്രിയകളും നടത്തുക, ബൗദ്ധഗ്രന്ഥങ്ങളെ സ്വീകരിക്കുക എന്നിവയാണ് അതിന് കാരണമായിട്ടുള്ളത്. വൈദ്യം വൈദിക പക്ഷത്തിൽ അല്പംതാണ തൊഴിലാണ്. അതേ സമയത്തു തന്നെ അതിന്റെ മഹത്വവും ആവശ്യവും അംഗീകരിക്കുവാൻ അവർ നിർബന്ധിതരുമാണ്.

### ബുദ്ധമതവും ആയുർവ്വേദവും

ബൗദ്ധഭിഷുക്കൾ രോഗചികിത്സയിൽ ശ്രദ്ധാലുക്കളായിരുന്നു. രസവൈശേഷിക സൂത്രത്തിന്റെ കർത്താവായ ദന്തനാഗാർജ്ജുനനും ആഗ്രന്ഥത്തിന്റെ വ്യാഖ്യാതാവായ നരസിംഹനും കേരളീയരായ ബൗദ്ധ സന്യാസിമാരാണ്. അഷ്ടാംഗഹൃദയത്തിന്റെ കർത്താവായ വാഗ്ഭടൻ ബൗദ്ധനായിരുന്നു. അദ്ദേഹം 8-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തി. അഷ്ടാംഗഹൃദയം പ്രചരിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും അധികം പ്രചാരമുള്ളത് കേരളക്കരയിലാണ്. ബൗദ്ധന്മാർക്കിടയിൽ വൈദ്യശാസ്ത്രം അതിവേഗം പ്രചരിക്കാനുള്ള കാരണം ഇതാണ്. അവർണ്ണരായി ബൗദ്ധന്മാർ അഷ്ടാംഗഹൃദയം അതിവേഗം പ്രചരിപ്പിക്കുകയും നിലനിർത്തുകയും ചെയ്തിരുന്നു. ബൗദ്ധന്മാരുടെ പിൻഗാമികളായ ഈഴവവൈദ്യന്മാരും അങ്ങോളമിങ്ങോളം ആയുർവ്വേദം പ്രചരിപ്പിക്കുന്നതിൽ മുൻകൈയെടുത്തു. സംസ്കൃത പണ്ഡിതന്മാർക്കും അവരുടെ പിതാമഹന്മാർക്കും പാലി ഭാഷയിലുണ്ടായിരുന്ന പരിജ്ഞാനവും ഈ മഹനീയ പാരമ്പര്യത്തെ നിലനിർത്താൻ സഹായിച്ചു. ബുദ്ധമത പ്രചാരണത്തിന്റെ ഭാഗമായി വൈദ്യശാസ്ത്രവും സംസ്കൃതഭാഷയും ഈഴവർ അഭ്യസിച്ചതുകൊണ്ടാണ് ആയുർവ്വേദത്തിന് കേരളത്തിൽ വമ്പിച്ച പ്രചാരം ലഭിച്ചതെന്ന്

പറയുന്നു. അഷ്ടാംഗഹൃദയം തുടങ്ങുന്നതു തന്നെ അപൂർവ്വ വൈദ്യനായ ബുദ്ധനെ അനുസ്മരിച്ചുകൊണ്ടാണ്. മംഗളശ്ലോകത്തിന്റെ അവസാനമായി ബുദ്ധായതസ്മൈനമഹ് എന്നാണ് (37-91) ഈ വന്ദനശ്ലോകം ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ കാണുന്നില്ല. ക്ഷേത്രങ്ങളിൽ ഇന്നു നടന്നുവരുന്ന ചികിത്സാപദ്ധതി പഴയ ബൗദ്ധജൈനമതങ്ങളുടെ സ്മരണ ഉണർത്തുന്നതാണ്. അവർണ സമുദായങ്ങളായിരുന്ന പാണനും വേലനും, കണിയാനും, ഈഴവനുമെല്ലാമായിരുന്നു കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന അവർണ്ണരുടെയും ചില സന്ദർഭങ്ങളിൽ സവർണ്ണരുടെയും ഭാവിഫലങ്ങളേയും ആരോഗ്യരക്ഷയേയും രോഗനിവാരണശ്രമങ്ങളേയും കൈകകാര്യം ചെയ്തിരുന്നത്. വൈദ്യം, ജ്യോതിഷം, സംസ്കൃതം ഇവയിൽ പാണ്ഡിത്യം നേടിയ നിരവധി ഈഴവകുടുംബങ്ങളെ കേരളത്തിന്റെ ഒരറ്റം മുതൽ അങ്ങേയറ്റം വരെ ഒരു തീണ്ടൽ ജാതിയായിട്ടും കാണുമായിരുന്നത് ആശ്ചര്യമായിരിക്കുന്നു6.

സംസ്കൃതത്തിന്റെ വരവിനു മുമ്പുതന്നെ കേരളത്തിലെ വൈദ്യത്തിന് സാമൂഹ്യസ്വഭാവം ഉണ്ടായിരുന്നു. വൈദ്യവൃത്തി കുടുംബത്തൊഴിലായി കണക്കാക്കിപ്പോന്ന അനേകം അവർണജാതികളുടേയും കുടുംബങ്ങളുടേയും വൈപുല്യത്തിൽ നിന്നും അത് മനസ്സിലാക്കാവുന്നതാണ്. വൈദ്യം പരിപൂർണ്ണമായ തൊഴിലായി സ്വീകരിച്ചിട്ടില്ലെങ്കിൽ കൂടിയ പരിചരണക്രിയകൾ മാത്രം മുഖ്യവൃത്തിയാക്കി ശീലിച്ചുപോന്ന പല കുടുംബങ്ങളേയും കേരളത്തിൽ കാണാൻ സാധിക്കുന്നുണ്ട്. വേലൻ, മണ്ണാൻ എന്നീ സമുദായക്കാർ ചികിത്സകന്മാരും പ്രസവസംബന്ധമായ പരിചരണങ്ങൾ പ്രത്യേകം തൊഴിലാക്കിയവരുമാണ്. വേലപ്പണിക്കാർ, ഗണകൻ അഥവാ കണിയാൻ എന്നിവർ ബാലചികിത്സയിൽ വിദഗ്ധൻമാരാണ്. ബാലചികിത്സ, നേത്രചികിത്സ, വിഷചികിത്സ, ഭൂതാപസ്മാര പ്രതിവിധികൾ എന്നിവയെല്ലാം വേലന്മാർ പഠിച്ചിരുന്നത്. ബൗദ്ധസംസ്ക്കാരത്തിലൂടെയാണ് വൈദ്യത്തെ നിത്യതൊഴിലായി ഈഴവർ സ്വീകരിക്കാൻ കാരണം.

ബുദ്ധസന്യാസിമാരും പണ്ഡിതന്മാരും ആയുർവ്വേദം പ്രചരിപ്പിക്കുന്നതിൽ സമർത്ഥരായിരുന്നു. അശോകന്റെ കാലത്ത് ആതുരാലയങ്ങൾ തന്നെ സ്ഥാപിച്ചു പരിരക്ഷിച്ചു പോന്നിട്ടുണ്ട്. മാത്രമല്ല ബുദ്ധസന്യാസിമാർ ചികിത്സകരായ അനേകം സന്യാസിമാരെ വിദേശങ്ങളിലേയ്ക്കയക്കുകയും ചെയ്തു. ആയുർവ്വേദ ചരിത്രപഠനത്തിനു സഹായകമായ പല അറിവുകളും ജാതക ഗ്രന്ഥങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്നുണ്ട്. വൈദ്യശാസ്ത്രസംബന്ധമായ വിജ്ഞാനത്തെ പ്രചരിപ്പിക്കുന്നതിൽ തഥാഗതൻ തന്നെ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. ആയുർവ്വേദജ്ഞാനത്തെപ്പറ്റി വിവരം നൽകുന്ന മുഖ്യഗ്രന്ഥമാണ് വിനയപിടകം. ഇതിൽ ഭൈഷജ്യസ്കന്ദമുണ്ട് 7.

**വിനയപിടകത്തിലെ ഉപദേശങ്ങൾ താഴെ ചേർക്കുന്നവയാണ്.**

1. ഔഷധങ്ങളും നിർമ്മാണ വിധിയും
2. സ്വേദകർമ്മവും വ്രണചികിത്സയും
3. സാധനങ്ങൾ ഭദ്രമായി സംരക്ഷിക്കലും സൂക്ഷിക്കലും

4. ഭക്ഷണയോഗ്യമല്ലാത്ത മാംസം

5. സംഘാരാമത്തിൽ വസ്ത്രങ്ങൾ ക്രമമായി വെയ്ക്കാനുള്ള സ്ഥാനങ്ങൾ

6. ഗവ്യങ്ങളുടെയും ഫലരസങ്ങളുടെയും നിർമ്മാണക്രമം

വിനയപിടകത്തിൽ നിന്ന് ബൗദ്ധന്മാർ, വൈദ്യത്തിന് എത്രമാത്രം പ്രോത്സാഹനം നൽകിയെന്ന് വായിച്ചെടുക്കാവുന്നതാണ്.വൈദ്യശാസ്ത്രസംബന്ധമായ പല വിദ്യകളും ബൗദ്ധന്മാർ സ്വായത്തമാക്കിയിരുന്നവെന്ന് അഷ്ടാംഗഹൃദയത്തിൽ നിന്ന് മനസ്സിലാക്കാം. അപരാജിത വിദ്യയും മഹാമായൂരി വിദ്യയും ഇതിന് ഉദാഹരണമാണ്. മഹാമായൂരി വിദ്യ അഭ്യസിച്ചാൽ ഒരു തരത്തിലുള്ള രോഗങ്ങളോ വിഷഭയമോ ഉണ്ടാവില്ലെന്ന് നാവനീകത്തിൽ കാണുന്നു. ബ്രാഹ്മണർക്ക് മരണസമയത്ത് ഗായത്രിമന്ത്രമോ ഗീതയോ പുരാണമോ ചൊല്ലിക്കേൾപ്പിക്കുന്നത് പോലെ, പ്രഭാകരവർദ്ധനന്റെ ശയ്യക്കരികിൽ ഇരുന്ന് മഹാമയൂരി വിദ്യ ചൊല്ലിയിരുന്നതിന്റെ വിവരണവും ബാണന്റെ ഹർഷചരിതത്തിലുണ്ട്. ഇതിൽ സുഷേണ വൈദ്യനെക്കുറിച്ചും വിവരണം. ഇതിൽ നിന്നും ബൗദ്ധക്കാലത്ത് ചികിത്സയ്ക്കും വേണ്ടത്ര ഉന്നതിയുണ്ടായിരുന്നതായി തെളിയുന്നു. മിളിന്ദ പ്രശ്നത്തിൽ ആയുർവ്വേദ സിദ്ധാന്തങ്ങളെപ്പറ്റി പരാമർശമുണ്ട്. വായുകോപം, പിത്തകോപം, കഫകോപം, സന്നിവാതദോഷം, ഋതുക്കളുടെ മാറ്റങ്ങൾ, ഭക്ഷണത്തകരാറുകൾ, ബാഹ്യപ്രകൃതിയിലെ മറ്റു സ്വാധീനങ്ങൾ എന്നിവ സർവ്വജീവികളിലും സുഖ ദുഃഖ കാരണമാകുന്നതെങ്ങനെയെന്ന് വിശദമായി പ്രതിപാദിക്കുന്നു8.

### ബൗദ്ധകാലത്തെ ആയുർവ്വേദ മഹിമ

ബൗദ്ധകാലത്ത് ആയുർവ്വേദത്തിന് വലിയ പ്രചാരമുണ്ടായിരുന്നു. അശോകൻ, ബുദ്ധമതഭിഷുക്കളെ ധർമ്മപ്രചരണത്തിനായി അയച്ച ദേശങ്ങളിലെല്ലാം ആയുർവ്വേദവും പ്രചരിച്ചു. ആതുരാലയങ്ങൾ, സത്രങ്ങൾ, പശുചികിത്സാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക, നടക്കാവു വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങി മനുഷ്യരുടെയും പ്രാണികളുടെയും അസുഖങ്ങൾ നീക്കാനുള്ള എല്ലാപരിപാടികളും അക്കാലത്ത് അശോകൻ നടപ്പിൽ വരുത്തിയിരുന്നു.

### ബുദ്ധമതവും വാഗ്ഭടാചാര്യനും

ബുദ്ധമതക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന വൈദ്യം ഏറ്റവും അധികം പ്രോത്സാഹിപ്പിച്ചത് വാഗ്ഭടാനന്ദനായിരുന്നു. ബുദ്ധമതത്തിലെ മൂലഗ്രന്ഥങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് സംക്ഷേപിച്ചാണ് വാഗ്ഭടാനന്ദൻ കൃതികൾ ഉണ്ടാക്കിയത്. ബുദ്ധന് ശേഷമുണ്ടായ ഹൈന്ദവ പുനരുജ്ജീവനകാലത്താണ് വാഗ്ഭടകൃതികൾ രചിക്കപ്പെട്ടത്.

### തക്ഷശിലയും അതിനുശേഷവും

ബൗദ്ധക്കാലത്ത് തക്ഷശിലയ്ക്ക് വളരെയധികം വളർച്ചയുണ്ടായിട്ടുണ്ട്. ചാണക്യനും പാണിനിയും ഇവിടെ അധ്യാപകരായിരുന്നു. മഗധത്തിലെ രാജാവായിരുന്ന ചന്ദ്രഗുപ്തൻ ഇവിടുത്തെ വിദ്യാർത്ഥിയായിരുന്നു. ആയുർവേദാചാര്യനായ ജീവകൻ എഴ് കൊല്ലം

തക്ഷശിലയിലാണ് പഠിച്ചത്. ആയുർവ്വേദത്തിലെ എല്ലാ ശാഖകളും ഇവിടെ അഭ്യസി ച്ചിരുന്ന കായചികിത്സയിലും ശല്യചികിത്സയിലും ജീവകന് ഒരുപോലെ പ്രാവീണ്യം ഉണ്ടായിരുന്നു. ശൃംഗവംശത്തിലെ രാജാവായ പുഷ്യമിത്രന്റെ കാലത്ത്, ജനസമിതിയിലും വിദ്യാഭ്യാസ രംഗത്തും, ബ്രാഹ്മണപ്രാമാണ്യം വളർന്നപ്പോൾ ആയുർവ്വേദത്തിന് ക്ഷീണം പറ്റി തുടങ്ങി. ബ്രാഹ്മണന്മാരായ വൈദ്യന്മാർക്ക് അസ്ഥി, രക്തം, മജ്ജ, മാംസം, ചലം എന്നിവ കൈകാര്യം ചെയ്യുന്നത് ഹീനവൃത്തികളായി തോന്നി. വൈദ്യം ബ്രാഹ്മണർക്കും ഒഴിച്ചുകൂടാൻ വയ്യാത്തതായതുകൊണ്ട് അതിനെ അംഗീകരിക്കാനും അവർ നിർബന്ധി തരായിരുന്നു. ഈ സമയത്ത് വാഗ്ഭടൻ ശകന്മാരുടെ കാലത്താണ് ജീവിച്ചിരുന്നതെ ന്ന് ഇതിൽ നിന്ന് കരുതാവുന്നതാണ്. വാഗ്ഭടഗ്രന്ഥത്തിൽ ബൗദ്ധധർമ്മ ചിന്തകളുടെ സ്വാധീനവും ആര്യാതാര ബൗദ്ധദേവകളുടെയും ചൈത്യം മുതലായ ബൗദ്ധസ്ഥാപനങ്ങ ളുടേയും പരാമർശങ്ങളും സമൃദ്ധമായി കാണാം. ബുദ്ധമതക്കാലത്ത് ഏറ്റവും അധികം പ്രചരിച്ച ആയുർവ്വേദ കൃതിയാണ് വാഗ്ഭടകൃതികളെന്ന് ഇതിൽ നിന്ന് നിസ്സംശയം മനസ്സിലാക്കാം. ദക്ഷിണേന്ത്യയിൽ ആയുർവ്വേദ ഗ്രന്ഥം വാഗ്ഭടകൃതികൾ തന്നെയാണ്9.

ചരകസുശ്രുതകശ്യപാദികളുടെ കാലത്തിനുശേഷം ആയുർവ്വേദം ഏറ്റവുമധികം ഉൽക്കർഷം നേടിയത് ബൗദ്ധകാലത്താണ്. കേരളത്തിൽ ഏറെ വൈദ്യം പ്രചാരം നേടിയയെങ്കിലും അന്യരാജ്യങ്ങളിലെ മേൽക്കോയ്മ കേരളീയ വൈദ്യം സിദ്ധിച്ചെടുത്തുവെ ങ്കിലും നിരന്തരമായ ആഭ്യന്തരയുദ്ധങ്ങളുടെയും ജാതിവ്യവസ്ഥയുടെയും സംഘർഷത്തിന്റെ ഫലമായി ആയുർവ്വേദത്തിന്റെ വികാസം ക്രമാധികം താഴേക്ക് വരുകയും ചെയ്യുന്ന സമയം ഉണ്ടായിരുന്നു. മാത്രമല്ല ഓരോ വിഭാഗക്കാരും തങ്ങളുടെ കയ്യിൽ കിട്ടിയ ഭാഗികവിജ്ഞാന ശാഖകളുടെ അന്ധമായ പിന്തുടർച്ചകൊണ്ടും വേണ്ടത്ര കൈകാര്യം ചെയ്യുവാനും പ്ര ചരിപ്പിക്കുവാനുമുള്ള താൽപര്യം ഇല്ലാത്തതുകൊണ്ടും കേരളീയ വൈദ്യത്തിന് ബൗദ്ധ ന്മാരുടെ കാലത്ത് ഉണ്ടായിരുന്ന സ്ഥാനം ഇല്ലാതാവുകയാണ്.

ഈ സമയത്ത് ശല്യ ചികിത്സയ്ക്കാണ് ഏറ്റവും അധികം ആഘാതമേറ്റത്. ശസ്ത്ര ക്രിയ തെറ്റായി കൈകാര്യം ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന അശോകാശനങ്ങൾ ഉണ്ടായിരുന്നു. ജീവികളെ ഹിംസിക്കുന്നത് ബുദ്ധമതത്തിനുണ്ടായിരുന്ന വിരോധം മൂലം ജീവികളിൽ പരീക്ഷണശാസ്ത്രക്രിയകൾ നടത്തി പഠിക്കാനുള്ള അവസരമില്ലായ്മയും ഇതിന്റെ പതനത്തിന് കാരണമായിട്ടുണ്ട്10.

## കേരളീയ വൈദ്യം

വൈദ്യവൃത്തിയിൽ വ്യാപൃതരായവരുടെ വ്യാപ്തിയും സാർവ്വജനീനത്വവും കേരള ത്തിൽ ശ്രദ്ധേയമാണ്. ഇവിടെ വൈദ്യം ഒരു സമുദായത്തിന്റെയും കുത്തകയായിരുന്നി ട്ടില്ല. ബ്രാഹ്മണസമുദായത്തിൽപ്പെട്ടവർ വേദാധികാരികളുമായ അഷ്ടവൈദ്യന്മാരെപ്പോ ലെത്തന്നെ, സംസ്കൃത ഗ്രന്ഥങ്ങൾ സാംഗോപാംഗം പഠിച്ചു വൈദ്യവൃത്തിയിലേർപ്പെട്ടു പോന്ന ഈഴവ പരമ്പരകളും പഴയകാലം മുതൽക്കേ കേരളത്തിലുണ്ട്. ഇവരിൽ പലരുടേയും കുടുംബനാമത്തോടു കൂടി വൈദ്യൻ എന്ന സംജ്ഞയും ചേർത്തുകാ ണാം. സംസ്കൃതത്തിന്റെ വരവിനു മുമ്പു തന്നെ വൈദ്യത്തിനുണ്ടായിരുന്ന സാമൂഹ്യ

സ്വഭാവം വൈദ്യവൃത്തി കുടുംബത്തൊഴിലായി കണക്കാക്കിപ്പോന്ന അനേകം അധഃകൃത ജാതികളുടെടേയും കുടുംബങ്ങളുടേയും വൈപുല്യത്തിൽ നിന്നും മനസ്സിലാക്കാവുന്ന താണ്. വൈദ്യം പൂർണ്ണമായിട്ടില്ലെങ്കിൽ ഏതെങ്കിലും ചില പരിചരണ ക്രിയകൾ മാത്രം തൊഴിലാക്കി ശീലിച്ചുപോന്ന പല കുടുംബങ്ങളേയും ഇവിടെ കാണാം. വേലൻ, മണ്ണാൻ എന്നീ സമുദായക്കാർ ചികിത്സകന്മാരും പ്രസവസംബന്ധമായ പരിചരണങ്ങൾ പ്രത്യേകം തൊഴിലാക്കിയവരുമാണ്. വേലപ്പണിക്കൻ, ഗണകൻ അഥവാ കണിയാൻ എന്നിവർ ബാലചികിത്സകളിൽ വിദഗ്ദരാണ്. കുറുപ്പൻമാർ ഉഴിച്ചിൽ, മർമചികിത്സ എന്നിവയിലും പ്രഗൽഭരായിരുന്നു11.

കേരളത്തിലെ ആയുർവ്വേദ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളാക്കി തിരിക്കാം. സംസ്കൃത ത്തിന്റെ വരവിനു മുമ്പുള്ള കാലഘട്ടം, സംസ്കൃത കാലഘട്ടം, ആധുനിക കാലഘട്ടം എന്നിങ്ങനെയാണ്. തായ്‌വഴിക്രമം, ആചാരങ്ങൾ, ആരാധനരീതികൾ, മലയാളിയുടെ സ്വഭാവങ്ങൾ എന്നിവ പരിശോധിച്ചാൽ കേരളീയ വൈദ്യത്തിന് പ്രാചീന സംസ്ക്കാരങ്ങ ളോട് അടുത്ത ബന്ധമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് തന്നെ സംസ്കൃതത്തിലുള്ള ആയുർവ്വേദ ഗ്രന്ഥങ്ങൾ കേരളത്തിൽ പ്രചരിക്കുന്നതിന് മുമ്പുതന്നെ കുറയൊക്കെ വികസിതാവസ്ഥയിലുള്ള ഒരു വൈദ്യപാരമ്പര്യം മലയാളിയുടെ ഇടയിൽ ഉണ്ടായിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം. മലയാളിയുടെ ഇടയിൽ പ്രചാരത്തിലുണ്ടാ യിരുന്ന വൈദ്യഔഷധങ്ങളും പ്രയോഗരീതികളും മേൽപ്പറഞ്ഞ വസ്തുതയ്ക്ക് ആക്കം കൂട്ടുന്നവയാണ്. കേരളത്തിലെ വൈദ്യന്മാരുടെ ഇടയിൽ പ്രചാരത്തിലുള്ള വനഔഷധി കൾ, ചികിത്സാരീതികൾ, നിർമ്മിത മരുന്നുകൾ (യോഗകൾ) എന്നിവയും വിഷചികിത്സ, വസൂരി ചികിത്സ, മർമചികിത്സ തുടങ്ങിയവയുടെ വികാസവും പ്രത്യേകതകളും മറ്റും ഇവിടെ മുമ്പുതന്നെ നിലവിലുണ്ടായിരുന്ന ചികിത്സാവികാസത്തെ സൂചിപ്പിക്കുന്നു. ചര കം, സുശ്രുതം, വാഗ്ഭടം എന്നിവയിലൊന്നും കാണാത്ത ധാരാളം മരുന്നുകൾ കേരളീയ ശാഖകളിലുണ്ട്. അനേകം തലമുറകളിലായി കേരളത്തിൽ പ്രചാരമുള്ള ഔഷധയോ ഗങ്ങൾ സംഭരിച്ചിരിക്കുന്ന ‘സഹസ്രയോഗം’ എന്ന ഗ്രന്ഥം കേരളത്തിലെ വൈദ്യന്മാർ മാത്രമല്ല സാമാന്യം സംസ്ക്കാരമുള്ള തറവാടുകളൊക്കെ ഗൃഹവൈദ്യഗ്രന്ഥമായി ആദ രിക്കുന്നു. ഇതിലെ യോഗകളായ കസ്തൂര്യാദിഗോരോചനാദി, കൊമ്പൻഞ്ചാദി, ധാമ്പ ന്തരം തുടങ്ങിയ ഗുളികകൾ. ഇളനീർക്കുഴമ്പ് എന്ന അഞ്ജനം തുടങ്ങിയവയൊന്നും സംസ്കൃത ഗ്രന്ഥങ്ങളിലില്ല. സന്നിപാതാവസ്ഥയിൽ പ്രയോഗിക്കാൻ പഴയ വൈദ്യന്മാർ കരുതി സൂക്ഷിക്കുന്ന മാത്രകൾ, വിഷവൈദ്യപ്രയോഗങ്ങൾ എന്നിവയിലൊക്കെ കേര ളീയ വൈദ്യന്മാരുടെ പ്രത്യേകതകൾ കാണാം. കേരളത്തിൽ സാർവ്വത്രികമായി ഉപയോ ഗിക്കുന്ന പല ഔഷധസസ്യങ്ങളും ഔത്തരാഹന്മാർക്ക് പരിചിതമല്ല. കരളയം, തുമ്പ, മുക്കുറ്റി തുടങ്ങിയവ പല സസ്യ ഔഷധങ്ങളും കേരളീയർക്കെന്ന പോലെ മറ്റാർക്കും സുപരിചിതമല്ല. ഇളനീർവെള്ളം കൊണ്ടുള്ള നാനാപ്രയോഗങ്ങൾ, ഇളനീർ കുഴമ്പ് ഇവ യെല്ലാം കേരളീയ യോഗമാണ്. ഈർക്കിൽ, തെങ്ങിന്റെ വേര്, ചകിരി, ചിരട്ട മുതലായ തനി കേരളീയമായ പദാർത്ഥങ്ങൾ എല്ലാം തന്നെ ഇവിടെ ഔഷധമാണ്. ബാലചികിത്സയിലെ പലയോഗങ്ങളും തനി കേരളീയമാണ്. കറുത്ത ഗുളിക, മർമഗുളിക തുടങ്ങിയ മർമചികി ത്സായോഗങ്ങളും കേരളീയമാണ്. ധാരാ, നവരക്കിഴി, പിഴിച്ചിൽ, തളം,

തലപൊതിച്ചിൽ, വിഷചികിത്സ, ഭൂതാപസ്മാര പ്രതിവിധി എന്നിവയെല്ലാം കുലത്തൊഴിലാക്കിയ കേരളീയ കുടുംബക്കാർ ഉണ്ട്. ഇതിനു പുറമെ ഒടിവ്, ചതവ് എന്നിവയ്ക്കോ ഏതെങ്കിലും ഒരു പ്രത്യേക രോഗത്തിനോ പറ്റിയ ഒരേ ഔഷധം മാത്രം തറവാട്ടുപാരമ്പര്യമായി കൊണ്ടു നടക്കാവുന്ന കുടുംബക്കാരുണ്ട്. ഇവിടെ വൈദ്യത്തിനും വിപുലമായ ഒരു സാമൂഹ്യാടിസ്ഥാനം സംസ്കൃതത്തിന്റെ വരവിനു മുമ്പുതന്നെ ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാം12.

## ആയുർവ്വേദവൈദ്യന്മാരും സ്ഥാപനങ്ങളും

വൈദ്യശാസ്ത്രത്തിൽ അഗാധമായ ജ്ഞാനവും പ്രയോഗചാതുര്യവും തികഞ്ഞ വൈദ്യന്മാർ കേരളത്തിൽ എന്നും ഉണ്ടായിട്ടുണ്ട്.

മഹാകവി ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തിലും വടക്കുംകൂർ രാജരാജരവിവർമ്മയുടെ ഭാഷാ ചരിത്രഗ്രന്ഥത്തിലും സാഹിത്യ കൃതികൾ രചിച്ച വൈദ്യന്മാരെ പറ്റിയും വൈദ്യശാസ്ത്രങ്ങളെഴുതിയ സാഹിത്യകാരന്മാരെ പറ്റിയും പരാമർശങ്ങളുണ്ട്.

ദുര്യോധനവധം ആട്ടക്കഥയുടെ രചയിതാവായ വയസ്ക്കര ആര്യൻ നാരായണൻ മൂസ്സ് കുടിൽ മുതൽ കൊട്ടാരം വരെ പുകൾപ്പറ്റൊരു കർമ്മകുശലനായ വൈദ്യനായിരുന്നു. ധാരാളം

ശിഷ്യപരമ്പരയെ സൃഷ്ടിച്ചു. ആതുരസേവനം നടത്തിയും പ്രസിദ്ധനായിത്തീർന്നു. ആറ്റുപുറത്തു ഇമ്പിച്ചൻ ഗുരുക്കൾ. നരിക്കുനി ഉണ്ണീരികുട്ടിവൈദ്യർ മറ്റൊരു പ്രസിദ്ധനാണ്. ഉപ്പോട്ടു കണ്ണന്റെ അഷ്ടാംഗഹൃദയ വ്യാഖ്യാനം ഉത്തരകേരളത്തിൽ വിശേഷപ്രാധാന്യത്തോടെ പ്രചരിച്ചിട്ടുണ്ട്. തൃശൂർ തയ്ക്കാട്ട് നാരായണൻ മൂസ്സ് ഭിഷഗ്വരൻ എന്ന നിലയിൽ അതുല്യപ്രഭാവനായിരുന്നു.

ഹൃദയപ്രിയ, സുഖസാധകം എന്നീകൃതികളുടെ കർത്താവായ വൈക്കം പാച്ചുമൂത്തത് ശ്രദ്ധേയമായ ചരിത്രമുള്ള ഒരു മഹാപുരുഷനാണ്. തന്നെ ബാധിച്ചിരിക്കുന്ന കുഷ്ഠരോഗം വ്രതനിയമാദികളിൽ കൂടി സ്വയം ചികിത്സിച്ച് നിശ്ശേഷം മാറ്റി. അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് തിരുവനന്തപുരത്ത് ആയുർവ്വേദകോളേജ് സ്ഥാപിക്കാൻ മുൻകൈ എടുത്തത്. കൊച്ചി കൊച്ചുണ്ണിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, അഷ്ടാംഗസംഗ്രഹം പരിശോധിച്ചു പ്രസിദ്ധീകരിച്ച തൃക്കോവിൽ ഉഴുത്രവാരിയർ, വൈലൂർ ശങ്കരവാരിയർ തുടങ്ങിയ പലവൈദ്യന്മാരും ഇന്നത്തെ തലമുറയുടെ തൊട്ടുമുമ്പുള്ള തലമുറക്കാരാണ്. ചോലയിൽ, കാക്കനാട് തുടങ്ങിയ പലകുടുംബങ്ങളിൽ നിന്നും പരമ്പരയായി വൈദ്യന്മാരും ശിഷ്യപരമ്പരകളും ഉണ്ടായിട്ടുണ്ട്. ഇവരെല്ലാം പഴയ ഗുരുശിഷ്യ സമ്പ്രദായത്തിൽ പഠിച്ച് വൈദ്യം പരിശീലിച്ചുപോരുന്നവരാണ്. ഈ പരമ്പര ഇന്നും തുടരുന്നുണ്ട്. പഴയ ഗുരുകുല സമ്പ്രദായത്തിൽ കൂടിയുള്ള വൈദ്യപഠനത്തിനും ഒറ്റക്കോ കുടുംബാടിസ്ഥാനത്തിലുള്ള വൈദ്യ വൃത്തിക്കു പകരം സംഘടിതമായ പ്രവർത്തനവും പാഠശാലകൾ വഴിയുള്ള വൈദ്യവും ആധുനിക കാലത്തിൽ ആരംഭിച്ചു. ഇതോടു കൂടിത്തന്നെ ആയുർവ്വേദം പഠിപ്പിക്കാനും പ്രചരിപ്പിക്കാനും സംഘടനകൾ രൂപംകൊള്ളുകയും അവ

സ്വന്തമായോ സർക്കാരിനെ പ്രോത്സാഹിപ്പിച്ചോ പുതിയ പാഠശാലകളിൽ കൂടി പഠനം നടത്താൻ തുടങ്ങുകയും ചെയ്തു13.

മലബാറിലെയും അയൽപ്രദേശങ്ങളിലേയും ഉന്നത വൈദ്യന്മാരുടെ സംഘടനയായിരുന്നു ആര്യവൈദ്യസമാജം. വെള്ളാനിശ്ശേരി വാസുണ്ണി മൂസ്സിന്റെ ആരോഗ്യ ചിന്താമണി വൈദ്യശാലയിൽ വെച്ച് 1902 ൽ സംഘടിപ്പിച്ച ഒരു വൈദ്യസഭയായിരുന്നു ആര്യവൈദ്യ സമാജം പുന്നംശ്ശേരി നീലകണ്ഠശർമ്മ, നിലമ്പൂർ വലിയ രാജ, മഹാകവി വള്ളത്തോൾ എന്നിവരുടെയും ഉത്സാഹം ഇതിനായിരുന്നു. ഈ സഭ പിന്നീട് വൈദ്യരത്നം പി. എസ്.വാരിയർ ഏറ്റെടുക്കുകയും അദ്ദേഹത്തിന്റെ സ്വന്തം ചിലവിൽ പാഠശാല തുടങ്ങുകയും ചെയ്തു. 1917 ൽ ആണ് പാഠശാല ആരംഭിച്ചത്. ആദ്യം കോഴിക്കോട് ആയിരുന്നു, പിന്നീട് കോട്ടയ്ക്കലേക്ക് മാറ്റുകയാണ് ഉണ്ടായത്.

കേരളീയ ആയുർവ്വേദ സമാജം ഇതുപോലെ രൂപം കൊണ്ട സംഘടനയാണ്. അഷ്ടവൈദ്യൻമാരിൽ ചിലരും മറ്റ് പലവൈദ്യന്മാരും മേൽനോട്ടം വഹിച്ച് രൂപീകരിച്ച സംഘടനയാണ്.

തൃപ്പുണിത്തറയിലെ സംസ്കൃതപാഠശാല കേരളത്തിന് അനേകം പ്രതിഭാശാലികളെ സംഭാവന ചെയ്തിട്ടുണ്ട്. പുന്നശ്ശേരി നാലകണ്ഠശർമ്മയാൽ സ്ഥാപിതമായ പട്ടാമ്പി സംസ്കൃത പാഠശാലയിൽ "ആയുർവ്വേദശിരോമണി" എന്ന ബിരുദത്തിനുള്ള പാഠ്യപദ്ധതിയും ഉണ്ടായിരുന്നു. കണ്ണൂരിലെ മാധവമെമ്മോറിയൽ ആയുർവ്വേദ കോളേജ്, എർണാകുളത്തെ മാധവാ ആയുർവ്വേദ കോളേജ് ഇവർ രണ്ടും അല്പകാലം പ്രവർത്തിച്ച ശേഷം നിർത്തലാക്കി. കേരളത്തിലെ ആയുർവ്വേദത്തിന് ആധുനിക കാലത്തുണ്ടായ ദേശാന്തര പ്രസിദ്ധിക്ക് കാര്യമായ സംഭാവന ചെയ്തിട്ടുള്ളത് വൈദ്യരത്നം പി.എസ്.വാരിയരാണ്. ആയുർവ്വേദ പരിഷ്കരണത്തിനും വിദ്യാഭ്യാസ പ്രചരണത്തിനും അദ്ദേഹം ധാരാളം പ്രയത്നം ചെയ്തിട്ടുണ്ട്. ഈ കാലയളവിലാണ് ഡോ.പി.വി.കൃഷ്ണവാരിയരുടെ സഹായത്തോടെ ധന്വന്തരി മാസിക പ്രസിദ്ധീകരിച്ചത്.

### ക്ഷേത്രങ്ങളിലെ വൈദ്യം

സാമൂഹ്യ ജീവിതത്തിൽ വിശ്വാസങ്ങളുടേയും വിജ്ഞാനങ്ങളുടേയും സിരാകേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നു. എല്ലാ ദേവന്മാരും ശാരീരികവും മാനസികവുമായ വ്യവസ്ഥകളുടെ നാശകർ കൂടിയാണെന്ന് ആദ്യകാലത്തുതന്നെ മനുഷ്യർ വിശ്വസിച്ചിരുന്നു. പ്രാർത്ഥന പെട്ടന്നു തന്നെ അസുഖം മാറ്റുമെന്ന വിശ്വാസത്തിനു പുറമെ ക്ഷേത്രാന്തരീക്ഷത്തിന് മനുഷ്യമനസ്സിൽ കാര്യമായ സ്വാധീനം ചെലുത്താനാകും എന്ന വിശ്വാസമാണ് അതിനു പുറകിൽ ഉണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ക്ഷേത്രങ്ങൾ സ്ഥാപിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ, അവയുടെ ചുറ്റുപാടുകൾ എന്നിവക്ക് ക്ഷേത്രാധികാരികൾ പ്രത്യേക പ്രാധാന്യം നൽകി. ഭക്തർക്ക് ക്ഷേത്രങ്ങൾ നിഷ്കർഷിച്ചിരുന്ന വ്രതാചാരങ്ങളെ സ്വീകരിക്കാനും നിയന്ത്രിക്കുവാനും ആരോഗ്യസംരക്ഷണ നിയമങ്ങളെ പരിപാലിക്കാനും ക്ഷേത്രാന്തിരീക്ഷത്തിന് സാധിക്കും. അതിനാൽ പല ക്ഷേഭക്തർക്ക് എന്ന ലക്ഷ്യം കൂടിയും ഉണ്ടായിരുന്നു. പലക്ഷേത്രങ്ങളിലേയും ദേവിദേവന്മാർ പ്രത്യേക രോഗങ്ങളുടെ ചികിത്സകരായിട്ടു കൂടി അതിനാൽ ആരാധിക്കപ്പെട്ടുപോന്നു14.

ചേർത്തല തിരുവിഴാ മഹാദേവക്ഷേത്രത്തിൽ നിന്നും പൂജിച്ചു നൽകുന്ന പച്ചമരുന്ന് ഭ്രാന്ത്, കൈവിഷം, കുഷ്ഠം മഹോദരം, അർശസ്സ് എന്നീ രോഗങ്ങൾ ശമിപ്പിക്കുന്നു എന്നും മരുത്തോർവട്ടം ധന്വന്തരിക്ഷേത്രത്തിലെ താളുകറി നിവേദ്യത്തിന് വായുക്ഷോഭത്തിനും മാനസിക വിഭ്രാന്തിക്കും ആശ്വാസം അരുളാൻ സാധിക്കും എന്ന വിശ്വാസമുണ്ട്.. ചോറ്റാനിക്കര, കൊട്ടാരക്കര, കൊടുങ്ങല്ലൂർ തുടങ്ങിയ ക്ഷേത്രങ്ങൾ ഭൂതഗ്രഹാപസ്മാരങ്ങളേയും വസൂരി രോഗത്തേയും ശമിപ്പിക്കുന്ന ദേവിമാരുടെ ആരാധനനിലയങ്ങളാണ്. ഇരിങ്ങാലക്കുട ക്ഷേത്രം ഉദരവേദന ശമനത്തിനും, ഗുരുവായൂർ ക്ഷേത്രം വാതരോഗശമനത്തിനും പ്രസിദ്ധമാണ്. ഈ ക്ഷേത്രങ്ങളിൽ രോഗികൾ ചെന്നു ഭജിക്കുക മാത്രമല്ല, അവിടെ നിന്നു ലഭിക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. പൂജാദികൾക്കു തിരഞ്ഞെടുക്കുന്ന പുഷ്പങ്ങൾ ഉപയോഗിക്കുന്ന ധൂപനങ്ങൾ, ഇവയിലും ഔഷധമൂല്യം കാണാമെന്ന സങ്കല്പവും ഇതിനു പുറകിലുണ്ട്. മാന്ത്രികവും മതപരവുമായ വീക്ഷണങ്ങളോടെയാണെങ്കിലും ആരോഗ്യരക്ഷാ തത്ത്വങ്ങളുടെ പരിപാലന പ്രചാരണങ്ങൾ ക്ഷേത്രസംസ്കാരത്തിന്റെ ഘടകങ്ങളാണെന്ന് മനസ്സിലാക്കിയ ഇസ്ലാമിക ക്രൈസ്തവരും പലതരത്തിലുള്ള ആരാധനക്രമങ്ങളേയും വിശ്വാസങ്ങളേയും തങ്ങളുടെ മതത്തിലേക്ക് കൂട്ടിച്ചേർത്തു തുടങ്ങി. ആരാധനകൾക്കു പുറമെ പല ക്ഷേത്രങ്ങളും വൈദിക വിജ്ഞാനത്തിന്റെ കൂടി പ്രചരണകേന്ദ്രങ്ങളായിരുന്നു. സംസ്കൃതം, വ്യാകരണം, ജ്യോതിഷം, വൈദ്യം മുതലായ ശാസ്ത്രശാഖകൾ പഠിക്കാനുള്ള പ്രേരണ ക്ഷേത്രങ്ങൾ വഴി ലഭിച്ചിട്ടുണ്ട്. ഈ ക്ഷേത്ര സംസ്ക്കാരത്തിന്റെ നേതൃത്വമാകട്ടെ നമ്പൂതിരിമാർക്കായിരുന്നു. വൈദ്യം, മന്ത്രവാദം, വിഷചികിത്സ തുടങ്ങിയവയെല്ലാം പല നമ്പൂതിരി കുടുംബങ്ങളുടേയും കുല പാരമ്പര്യമായിത്തീർന്നു. സമൂഹത്തിൽ ഉന്നതരായവരും ക്ഷേത്രോപാസകന്മാരുമായ നമ്പൂതിരിമാർക്ക് സമൂഹത്തിൽ സവിശേഷ അംഗീകാരവും ഇതോടെ ലഭിച്ചു.

ക്ഷേത്രത്തോടനുബന്ധിച്ചുള്ള വൈദ്യവും ഉപാസനയും ജനങ്ങളുടെ ജീവിത രീതിയെയും സാമൂഹ്യ വ്യവസ്ഥകളെയും ഭൗതിക പരിസ്ഥിതിയെയും ക്രമപ്പെടുത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ജനങ്ങളിൽ ഭക്തിയും ആത്മവിശ്വാസവും വളർത്തിയെടുക്കാൻ ഇതിലൂടെ സാധിച്ചു. ക്ഷേത്രങ്ങളോട് ചേർന്നുള്ള ആതുരാലയങ്ങളും പാഠശാലകളും അടുത്തറിയാനും പ്രോത്സാഹിപ്പിക്കാനും സ്വദേശികളും വിദേശികളും അടങ്ങുന്ന ധാരാളം സഞ്ചാരികൾ ശ്രമിച്ചിട്ടുണ്ട്. വൈദ്യത്തെ ഒരു പ്രത്യേക ചികിത്സാരീതിയായി വളർത്തിയെടുക്കുവാനും സവിശേഷ ശാസ്ത്രശാഖയായി വികസിപ്പിച്ചെടുക്കുവാനും ശ്രമിച്ചതിന്റെ ഫലമായി ആയുർവ്വേദത്തിന്റെ പിതാവായ ധന്വന്തരിയെ പ്രതിഷ്ഠിച്ചുകൊണ്ട് പല ക്ഷേത്രങ്ങളും കേരളത്തിൽ ഉണ്ടായിട്ടുണ്ട്.

## അടിക്കുറിപ്പ് : -

1. *വസന്തൻ, എസ്.കെ, നമ്മൾ നടന്നവഴികൾ, പുറം, 127*
2. *കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം 502*

3. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം 504
4. ചെറിയനാരായണൻ നമ്പൂതിരി, ആരോഗ്യചിന്തകൾ, പുറം, 18
5. ചെറിയനാരായണൻ നമ്പൂതിരി, ആരോഗ്യചിന്തകൾ, പുറം, 19
6. ചെറിയനാരായണൻ നമ്പൂതിരി, ആരോഗ്യചിന്തകൾ, പുറം, 20
7. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം. 481
8. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം. 503
9. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം. 483
10. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം. 484
11. കൃഷ്ണൻകുട്ടി വാരിയർ, ആയുർവേദ ചരിത്രം, പുറം. 485
12. വസന്തൻ എസ്.കെ, നമ്മൾനടന്നവഴികൾ പുറം, 216
13. വസന്തൻ എസ്.കെ, നമ്മൾനടന്നവഴികൾ പുറം, 217
14. വസന്തൻ എസ്.കെ, നമ്മൾനടന്നവഴികൾ പുറം, 218
15. വസന്തൻ എസ്.കെ, നമ്മൾനടന്നവഴികൾ പുറം, 219

**റഫറൻസ്**


1. അജിത് കുമാർ എൻ., കേരള സംസ്കാരം, സംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 2004
2. അപ്പു, എം. പി., ക്ഷേത്രധർമ്മവും ആചാരങ്ങളും വിചാരങ്ങളും, വിദ്യാപബ്ലിക്കേഷൻസ്, മൂവാറ്റുപുഴ, 2014
3. അരവിന്ദാക്ഷൻ പി., സാഹിത്യം - സംസ്കാരം - സമൂഹം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2003.
4. അരവിന്ദാക്ഷൻ, ആചാരങ്ങൾ - ആഘോഷങ്ങൾ, വിചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2007
5. ഉണിത്തിരി എൻ. വി. പി., പ്രാചീനഭാരതീയ ദർശനം, ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1989
6. ഉണ്ണികൃഷ്ണപിള്ള, ക്ഷേത്രകലാസാഹിത്യം അരങ്ങും പാഠവും, ജെ. ജെ. പ്രിന്റേഴ്സ്, പത്തനംതിട്ട, 2012
7. കുട്ടികൃഷ്ണമേനോൻ. പി. എം (വ്യാഖ്യാനം), അഷ്ടാംഗഹൃദയം സൂത്രസ്ഥാനം, സംസ്കാരിക പ്രസിദ്ധീകരണം വകുപ്പ്, തിരുവനന്തപുരം 1998

8. കെ. ഇ. എൻ, സമൂഹം - സാഹിത്യം - സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

9. കുമാരകൃഷ്ണൻ തയ്യിൽ, ആയുർവ്വേദീയ ഔഷധനിഘണ്ടു, ഗവൺമെന്റ് ആയുർവ്വേദ കോളേജ് പബ്ലിക്കേഷൻസ് ഡിവിഷൻ, തിരുവനന്തപുരം, 1979

10. കൃഷ്ണൻകുട്ടി വാര്യർ, ആയുർവേദ ചരിത്രം, കോട്ടയ്ക്കൽ ആര്യവൈദ്യശാല, 1993

11. കേശവൻ നമ്പൂതിരി എൻ. ഇ, മന്ത്രശാസ്ത്രവും മോഡേൺ സയൻസും, കറന്റ് ബുക്സ്, തൃശൂർ, 2015.

12. കേരളവർമ്മ സി. ആർ, മന്ത്രവാദവും മതവും, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1996

13. കർത്താ പി. ബി. ആചാരാനുഷ്ഠാനകോശം, ഡി. സി. ബുക്സ്, കോട്ടയം, 1998

14. കുഞ്ഞിക്കുട്ടൻ ഇളയത്, നെല്ലുവായ് ധന്വന്തരി ക്ഷേത്രചരിത്രം, നിയോഗം പബ്ലിക്കേഷൻസ്, തൃശൂർ, 2003

15. കേരളവർമ്മത്തമ്പുരാൻ, വാല്മീകി രാമായണം - ബാലകാണ്ഡം മുതൽ യുദ്ധകാണ്ഡംവരെ, സാ. പ്ര. സ. സംഘം, കോട്ടയം, 1957

16. കൊച്ചുണ്ണി തമ്പുരാൻ, പ്രയോഗ സമുച്ചയം, സുലഭ ബുക്സ്, തൃശൂർ, 1999

17. ഗോവിന്ദപ്പണിക്കർ വൈദ്യർ, എം.ശ്രീ.ധന്വന്തരി പൂർണാവിധി, കറന്റ് ബുക്സ്, കോട്ടയം, 2005

18. ഗോപാലകൃഷ്ണൻ ചൊനാംകണ്ടം, ക്ഷേത്രസങ്കൽപവും ദർശനത്തിന്റെ ഗുണഫലങ്ങളും, ഹരിതം ബുക്സ്, തിരുവന്തപുരം, 2013

19. ഗോപാലകൃഷ്ണൻ ചേലങ്ങാട്ട്, ക്ഷേത്രമഹാത്മ്യം, കുരുക്ഷേത്ര പ്രകാശം, കൊച്ചി, 2011

20. ഗംഗാധരൻ നായർ കെ., കാഞ്ചന. ജി, ക്ഷേത്രത്തിൽ ദർശനത്തിന് ഒരു മാർഗ്ഗദർശനം, ലൂമെയർ പ്രിന്റിംങ് വർക്സ്, തൃശ്ശൂർ, 2010